
ജി.എച്ച്. എച്ച്.എസ് ആനപ്പാറ
ഡിജിറ്റൽ
മാഗസിൻ
മൽഹാർ
little
KITEs

# സന്ദേശം



ആനപ്പാറ ഗവഃ ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ സ്ക്കൂളിലെ ആദ്യ സംരംഭമാണ്. ഈ മാഗസിൻ കംപ്യൂട്ടർ രംഗത്തെ വലിയ ഒരു ചുവടുവെയ്പ്പാണ്. IT യുടെ നൂതന അറിവുകളിലേക്കുള്ള ഈ ചുവട് നമുക്ക് നൽകുന്നത് നാളെയുടെ വാഗ്ദാനങ്ങളെയാണ്. ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ അധ്യാപകർക്കും ലിറ്റിൽ കൈറ്റ് ക്ലബ്ബ് അംഗങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ
എം.എസ്.ബാബുരാജൻ
ഗവഃഹയർസെക്കൻഡറി
സ്കൂൾ ആനപ്പാറ

# എഡിറ്റോറിയൽ

'പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക' എന്ന പ്രഖ്യാപനം കേരള സമൂഹം ഹൃദയംകൊണ്ട്സ്വീകരിച്ചിരിക്കുന്നു.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് നമ്മുടെ സമീപനം. അക്കാദമികമികവുകൾ നേടുന്നതോടൊപ്പം ആധുനിക സാങ്കേതിക വിദ്യകളെ കുട്ടികൾക്ക് പര്യാപ്തമാക്കുക എന്നതും പ്രധാനമാണ് .

ഇത് അറിവിന്റെ ലോകമാണ്. അറിവ് ആർജ്ജിക്കുന്നതിൽ നിർണായക സ്ഥാനം സാങ്കേതികവിദ്യകൾക്കുണ്ട്. കൃത്യമായ ആസൂത്രണത്തോടെ കുട്ടിയുടെ ചിന്താപ്രക്രിയയെ ദോഷകരമായി ബാധിക്കാതെ ഡിജിറ്റൽ വിഭവങ്ങൾ വിനിയോഗിച്ചുകൊണ്ടുള്ള മുന്നേറ്റം വിദ്യാഭ്യാസരംഗത്തെ വിപ്ലവകരമായ മാറ്റമാണ്.ഈ അവസരത്തിലാണ് മാറ്റത്തിന്റെ മണിനാദം മനസ്സിലേറ്റിക്കൊണ്ട് ആനപ്പാറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ 'ലിറ്റിൽ

കൈറ്റ്" വിദ്യാർഥികളുടെ നേതൃത്വത്തിൽ

" മൽഹാർ"എന്ന 'ഡിജിറ്റൽ  മാഗസീൻ'

പുറത്തിറങ്ങുന്നത്.  പാർശ്വവത്കരിക്കപ്പെട്ട

വിഭാഗങ്ങളിൽനിന്നുൾപ്പെടെ

സമൂഹത്തിന്റെഎല്ലാതലങ്ങളിൽനിന്നുള്ളവരുൾപ്പെടുന്ന

'ലിറ്റിൽ കൈറ്റ് 'ഒരുക്കുന്ന' ഡിജിറ്റൽ  മാഗസീൻ

'പൊതുവിദ്യാലയങ്ങളുടെ നഷ്ട പ്രതാപങ്ങൾ

തിരിച്ചുപിടിക്കാൻ  ഒരു തുടക്കമാകട്ടെ.' 'എന്റെ

വിദ്യാലയം എന്റെ അഭിമാനം' അതാകട്ടെ

നാമോരോരുത്തരുടേയും മനോഭാവം

സ്നേഹപൂർവം

**ശോണിമ വാസൻ**



# സാരഥികൾ

ശ്രീ. എം.എസ്. ബാബുരാജൻ

ശ്രീമതി.ബിന്ദു കെ.എ

ശ്രീമതി.ബിന്ദു.വി.പി

കുമാരി.ശോണിമ വാസൻ

കുമാരി.ദൃശ്യ കൃഷ്ണ

കുമാരി.അംന എ.പി

മാസ്റ്റർ.മിൻഹാജ് എം.എ

## കവർ പേജ് ഡിസൈനിംഗ്

മാസ്റ്റർ.അൻസിൽ എ.പി

മാസ്റ്റർ.ആദിൽഷാ

മാസ്റ്റർ.ജീവൻ കൃഷ്ണ

## ഇതളുകൾ മറിക്കുമ്പോൾ


വികസനത്തിന്റെ നാൾവഴികളിലൂടെ.....7
മരത്തിൻെറ ആത്മകഥ.....10
Pollutions.....11
*Smart work vs hard work*.....13
*മാമലകൾക്കപ്പുറത്ത്*.....14
*Sweety the swimmer*.....16
ചിഞ്ചുവും നെൽക്കതിരും.....18
കേരളത്തിനൊരു പുനർജന്മം.....19
സെക്കൻെറ സൂചി.....20
പ്രകൃതിയെ.....22
ലേഖനം.....23
*കുറുക്കന് പറ്റിയ പറ്റ്*.....30
സന്തോഷമുള്ള പക്ഷി.....31
പൊതുവിജ്ഞാന ക്വിസ്.....32
*സൗഹൃദം*.....35
*എന്റെ കേരളം*.....37
Cat and mouse.....38
ഒരുമയുടെ ഗുണം.....40
പച്ച തത്തമ്മ.....42
*രണ്ട് വിക്രുതികുട്ടികൾ*.....43
*സിംഹവും ചുണ്ടെലിയും*.....*44*
*പ്രകൃതിയിലെ ഗണിതം*.....*45*
സയൻസിലെ കൗതുകം.....46
പ്രത്യേകതകൾ.....47
തീ പിടിച്ച കാട്.....48
*THE LITTLE RED BOAT*.....*49*
FRIENDSHIP.....50
വരകൾ വർണങ്ങൾ.....51
THE LAZY DONKEY.....55
A CLEVER TRICK.....57
Teachers , the social engineers.....60
സുഹൃത്ത്.....61
തിരിച്ചറിവ്.....63

# വികസനത്തിന്റെ നാൾവഴികളിലൂടെ....





















ഗവ. ഹയർ സെക്കൻഡറി സ്കൂൾ. ആനപ്പാറ


നക്ഷത്ര വനം










വയനാട് ജില്ലാ പഞ്ചായത്ത്
കുടിവെള്ള പദ്ധതി. 2013.14
ഉദ്ഘാടനം: 11.12.2014






ചരിത്രമ്യൂസിയം








കായിക പരിശീലന കേന്ദ്രം
BRGF 2014-15

# മരത്തിന്റെ ആത്മകഥ

താഴെ വീണടയുന്ന ചില്ലയ്ക്ക് പറയുവാനുണ്ടൊത്തിരി.......
താഴെ വീണടഞ്ഞ പച്ചിലയ്ക്ക് പറയുവാനുണ്ടൊത്തിരി......
ഊഞ്ഞാലുകെട്ടുവാൻ കൂട്ടുകൂടീടുവാൻ ഞാനാവശ്യം.....
എന്നിട്ടുമെന്നെ വെട്ടിയരിഞ്ഞു സോദരേ.....
കൂട്ടുകൂടി ചിരിച്ചു കളിക്കുമ്പോൾ ഞാനാവശ്യം...
എന്നിട്ടുമെന്നെ വെട്ടിയരിഞ്ഞു സോദരേ....
തണലിന്റെ ചുവട്ടിലിരുന്ന് കളിക്കുന്ന കുട്ടികളേ...
മറ്റുള്ളവരുടെ തിന്മകൾ കണ്ടുചിരിക്കരുതേ....
എന്നെ നട്ടു വളർത്തിയ സോദരേ... നിങ്ങളറഞ്ഞുവോ...
തലമുറകൾ തുടർന്ന് ഞാൻ മറഞ്ഞു....
വെട്ടിയെടുത്തു വലിച്ചുകീറിയെൻ ശരീരം.....
കാഴ്ചയ്ക്ക് വേണ്ടിയൊരു രൂപമായ് മാറ്റിയവർ എൻ
ശരീരം....
കടലിന്റെ തോണിയായ് വീടിൻെറ വാതിലായ്
മാറിയതെൻ കുടുംബം....
വീടിനൊരു കട്ടിലായ് വീടിനൊരു ജനാലയായ്
മാറിയതെൻ കുടുംബം....
താഴെ വീണടയുന്ന ചില്ലയ്ക്ക് പറയുവാനുണ്ടൊത്തിരി....
താഴെ വീണടഞ്ഞ പച്ചിലയ്ക്ക്
പറയുവാനുണ്ടൊത്തിരി....

അലീന.ഇ.എസ്

# Pollutions

Pollution is very harmful to our world. There Are many types of pollution or we can classify it into four types ,Land , Water, Sound and Air pollutions.

Land Pollution , it means making our land polluted by the materials which don't decay in our .water pollution means ,making the water pollute. The waste materials from the factories and the other sources cause water pollution. It makes the organism in the water destroy.

Air pollution is the pollution caused by polluting the air by smoke from vehicles and factories. We also burning the plastics in the public places,if we breathe this air we will cause heart diseases and other health problems. Sound pollution means making over

sound which volume was in very high , it will make disturbance to the society and our ear became damage .

The common material cause pollution is plastic. Over usage of plastics and plastic material is very harmful to us and also to our world .our world gives us fresh air ,good food ,fresh water and other beautiful things. Why we are destroying this things for our good health our world must be stand in strong and beauty

*SAVE EARTH FROM POLLUTION*

-AJSAL.A.P
7D

# Smart work vs hard work

once two men had a heated argument with each other. Who could cut more firewood from morning till four in the afternoon? They decided to find out. The next morning the two men started their work. At first, they worked at the same speed. But in an hours one of them found that the other had stopped cutting. Realising that this was his chance ,the first men started to cut wood with double effort . Ten minutes passed,and he heard the second man working almost synchronously. Then the first man found that his opponent had stopped again. The first man started to work, sensing the smell of victory. This lasted all day long. Every hours one of them stopped for ten minutes and the other continued to work. When the time expired,the first man who worked without stopping was absolutely sure that he win the pride. But he was surprised know that he was mistaken . How did that happen? He asked his partner 'every hour I found that you stopped work for ten minutes. How could you cut more firewood than me? Its impossible! 'it is very simple,infact',answered the second man,'every hour I stopped for ten minutes. And when you were cutting ,I was sharpening my axe.

Alna fathima.8.D

# മാമലകൾക്കപ്പുറത്ത്

1950-കളുടെ തുടക്കം വരെ നേപ്പാളിനെക്കുറിച്ച് പുറംലോകത്തിന് കാര്യമായൊന്നും അറിഞ്ഞുകൂടായിരുന്നു.പടുകൂറ്റൻ മലകൾക്കിടയിൽ കുടുങ്ങിപ്പോയ ആ കൊച്ചു രാജ്യം. കാലങ്ങളോളം ആർക്കും മുഖം കൊടുക്കാതെ പതുങ്ങിക്കഴിഞ്ഞു. തങ്ങളുടെ നാട്ടിലേക്ക് സഞ്ചാരികൾ വരുന്നതിനെ ആദ്യമൊക്കെ നേപ്പാളിലെ ഭരണാധികാരികൾ എതിർത്തിരുന്നു. എന്നാൽ സഞ്ചാരമാർഗ്ഗങ്ങളും ടൂറിസവും പുരോഗമിച്ചതോടെ നേപ്പാളിലേക്ക് വിനോദസഞ്ചാരികളും തീർഥാടകരും ധാരാളമായി വന്നുചേർന്നു. കാരണങ്ങൾ പലതായിരുന്നു. ഇന്ത്യക്കും ചൈനയ്ക്കുമിടയിൽ ഞെരുങ്ങിപ്പോയ ഈ കൊച്ചു രാജ്യത്താണ് വലിപ്പത്തിൽ വമ്പന്മാരായ ലോകത്തിലെ എട്ടു പർവതങ്ങൾ സ്ഥിതി ചെയ്യുന്നത്. പിന്നെ ബുദ്ധൻെറ ജന്മസ്ഥലമായ ലുംബിനി, തലസ്ഥാനമായ കാഠ്മണ്ഡുവിലെ പേരുകേട്ട ക്ഷേത്രങ്ങൾ തുടങ്ങിയവയും സഞ്ചാരികളെയും തീർഥാടകരെയും ആകർഷിച്ചു.

വികസനം വളരെ കുറച്ചു മാത്രം നടന്നിട്ടുള്ള ലോകത്തിലെ ദരിദ്രരാഷ്ട്രങ്ങളിലൊന്നാണ് ഇന്ന്

നേപ്പാൾ ജനസംഖ്യയിൽ വലിയൊരു വിഭാഗവും കൃഷിക്കാരോ കൂലിപ്പണിക്കാരോ ആണ്. വികസിത

രാജ്യമായ ബ്രിട്ടനിൽ ഒരാൾക്ക് ഒരാഴ്ച്ച കിട്ടുന്ന വരുമാനത്തേക്കാൾ കുറവാണ് ഒരു നേപ്പാളിപൗരന്റെ ഒരു വർഷത്തെ വരുമാനം. ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായ കാരണങ്ങൾ കൊണ്ടാണ് നേപ്പാൾ ഇന്നും ഒരു ദരിദ്രരാജ്യമായി നിലകൊള്ളുന്നത്.

മൂന്നു നൂറ്റാണ്ടുകൾക്കു മുമ്പ് ഇന്നത്തെപ്പോലുള്ള ഒറ്റരാജ്യമായിരുന്നില്ല നേപ്പാൾ . രാജാകന്മാർ ഭരിച്ചു വന്നിരുന്ന പ്രദേശങ്ങളിൽ, പല വിഭാഗക്കാർ ഭരിച്ചിരുന്ന അനേകം കൊച്ചു രാജ്യങ്ങൾ ഇവക്കകത്തുതന്നെ ഉണ്ടായിരുന്നു.

-അംന. എ. പി -9D

# Sweety the swimmer

**Sweety, the little pretty fish, lived in a small lotus pond in the of a large paddy field. She was very naughty. Day went by and rainy season began. It was sweetie's first rainy season in her life . With lightning and thunder, the rain showered day and night. The water level in the\pond went up and gradually it started overflowing sweety got excited on seeing water field paddy fields. She enjoyed swimming from pond to paddy fields and even afar.**

**Sweety's parents had warned her not to go too far away from the pond .But, sweety was in no mood to pay heeds to her parents advice and enjoyed swimming far and wide. Heavy rain stopped after a few weeks . Gradually water level went low.**
**Sweety's parents told her not to leave the lotus pond at any cost . But she refused to listen to them**
**as she wanted to enjoy swimming in the paddy field again . As and when she got a chance to get away from her parents , little sweety fastly go to the paddy field. She did not realize that the water level had gone drastically down in the narrow pathway fields then came a day when there was absolutely no rain. The sun was very hot too. By evening, the water in the narrow pathway, separating the fields also had gone down .sweety could not find her way the lotus pond was now her uishile from paddy field.**

**Sweety was trapped in the paddy field and was**

**scared. She cried allowed but there was no one to hear her mistake of not obeying her parents. But then sweetie parents and other fisher realized that little sweety has gone missing. They cried helpless for little sweety. Guttu frog and his friends who overhead the fisher, immediately jumped out of the lotus pond in search of little sweety. The team searched in the paddy fields and found out little sweety. Guttu patted sweety and consoled her "but how will we carry little sweety to the pond ?she can't breath outside water!"exclaimed guttu frog.**

**Guttu found a small ink bottle lying there. He asked sweety to get inside the ink bottle after filling it with water. Thus Guttu and team in carried little sweety to the lotus pond safely. Sweety's parents thanked Guttu and his friends. Sweety went inconsolably and hugged her mother.**

**''sweety,where do you like to swim? In pond or watery paddy fields or in ink bottle?''**
**asked Guttu by scratching his nose.**

**"I am sorry" said the little sweety with a shy face and hid behind the lotus flowers.**
**Fishes and frogs laughed together**!

DEVIKA KS

# ചിഞ്ചുവും നെൽക്കതിരും

ഒരിടത്തൊരിടത്തൊരിടത്ത് ചിഞ്ചു എന്ന് പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു ആ കുട്ടിയുടെ കൊച്ചു വീട് ഒരു വയലിനരികത്തായിരുന്നു.ധാരാളം ധാന്യങ്ങൾ വിളയുന്ന സമയത്ത് ഒരുപാട് കിളികളും,പൂമ്പാറ്റകളും വരുകയും ധാന്യങ്ങൾ കൊത്തിത്തിന്നുകയും ചെയ്യുമായിരുന്നു. ചിഞ്ചുവിന് കിളികളെ വളരെ ഇഷ്ടമാണ് അതുകൊണ്ട് അവൾക്ക് സമയം കിട്ടുമ്പോഴൊക്കെ വയലരികത്ത് പോയി ഇരിക്കാറുണ്ടായിരുന്നു. ഒരു ദിവസം അവൾ പതിവായി ഇരിക്കുന്ന സ്ഥലത്ത് ചെന്നപ്പോൾ അവിടെ കിളികളെ ഒന്നും കാണാനില്ല അവൾക്ക് എന്താണ് സംഭവിച്ചത് എന്ന് മനസ്സിലായില്ല. കുറച്ച് ദിവസങ്ങളായി കിളികളുടെ എണ്ണത്തിൽ കുറവുള്ളതായി അവൾ ശ്രദ്ധിച്ചിരുന്നു.പിന്നീട് അതാലോചിച്ച് അവൾ സങ്കടപ്പെട്ടു. അതിൻെറ കാരണം എന്തെന്ന് അവൾ വലിയവരിൽ നിന്ന് മനസ്സിലാക്കി.കിളികൾ ധാന്യം കൊത്താൻ പോയപ്പോ കർഷകർ വല വെച്ച് കുടുക്കി.കിളികളെ ഓടിച്ച് വിട്ടു. ഇതറിഞ്ഞ ചിഞ്ചു കിളികളെ വളർത്താൻ തുടങ്ങി അവൾ സന്തോഷം കണ്ടെത്തി.

മിസ്രിയ 3.A

# കേരളത്തിനൊരു പുനർജന്മം

നമ്മുടെ കേരളം എന്ത് മനോഹരമാണ്.പച്ച പട്ട് വിരിച്ച പാടങ്ങൾ.മലനിരകൾ കാണാൻ എന്തൊരു ഭംഗി.നമ്മുടെ പണ്ടത്തെ കേരളം ഇതു പോലെ വളരെ മനോഹരമായിരുന്നു.പ്രളയം വന്നതോടെ നമ്മടെ കേരളത്തിലെ മനോഹാരിത നഷ്ടപ്പെട്ടു.എല്ലാവരുടെയും വീടുകളും പ്രളയം വിഴുങ്ങി.ക്യാമ്പുകൾ നടത്തി കുറേ ആളുകളെ രക്ഷിച്ചു.കേരളം നേരിട്ട ഒരു വലിയ പ്രതിസന്ധിയായിരുന്നു പ്രളയം.



# സെക്കൻ്റ സൂചി

അഞ്ച് സുഹൃത്തുക്കൾ ഒരു കടത്തിണ്ണയിൽ സംഗമിച്ചു. നരയും ചുളിവും വീണ മുഖങ്ങളിൽ മരണഭയം നിഴലിച്ചിരുന്നു. കൂട്ടത്തിൽ എൺപത്തഞ്ചുകാരൻ മറ്റുള്ളവരോടായി പറഞ്ഞു. ഞാൻ തീരാറായി കൂട്ടരേ... മരിക്കാതിരിക്കാനെന്തെലും വഴിയുണ്ടോ ആവോ? ഉണ്ട് സുഹൃത്തേ... ലോകത്ത എല്ലാ ഘടികാരങ്ങളിലെയും സെക്കൻ്റ സൂചികൾ തകർത്താൽ മതി."കൂട്ടത്തിലെ ചെറുപ്പക്കാരവാണ് അതു പറഞ്ഞത്. ശരിയാ.... സെക്കൻറ് സൂചി നീങ്ങുന്നതുകൊണ്ടാണ് മിനിട്ട് സൂചിയും മണിക്കൂർ സൂചിയും ചലിക്കുന്നത്. അവരിരുവരും ചേർന്ന് സെക്കൻറുകളെ മിനിട്ടുകളും മണിക്കൂറുകളുമാക്കുന്നു. പിന്നീട് ആഴ്ച്ചകളും മാസങ്ങളുമാക്കുന്നു. യുവാവിൻെ്റ അഭിപ്രായം എല്ലാവരും ഒറ്റയടിക്കു ശരിവച്ചു. അന്നു തന്നെ അവർ സെക്കൻ്റ സൂചികൾ തകർക്കാൻ വേണ്ടി യാത്ര തിരിച്ചു.

രാത്രികളിൽ തെരുവുകളിലെ വലിയ ഘടികാരങ്ങളിലെ സൂചിയും പകലുകളിൽ വീട്ടിലുള്ള

സ്ത്രീകളെ മരണം വരില്ലെന്നു ധരിപ്പിച്ച് അവരുടെ ചെറുതും വലുതുമായ ക്ലോക്കുകളിലെ സൂചിയും തകർത്തു .

യാത്രാമധ്യേ 85 കാരൻ മരിച്ചു.ഇനിയും സെക്കന്റ് സൂചികൾ തകർക്കപ്പെടാതെ കിടപ്പുണ്ട്. ബാക്കിയുള്ള നാലുപേരും ഒരേ സ്വരത്തിൽ പറഞ്ഞു.ഒരുപാടു രാത്രികളും പകലുകളും കഴിഞ്ഞുപോയി.കൂട്ടത്തിൽ ഇനി രണ്ടുപേർ മാത്രം.മറ്റു രണ്ട് പേർ മരിച്ചപ്പോഴും എവിടെയോ ഇനിയും സെക്കന്റ് സൂചികൾ തകർക്കപ്പെടാതെ കിടക്കുന്നു എന്നവർ പറഞ്ഞു. ബാക്കിയുള്ള രണ്ടുപേരും അവസാനം ഒരു വനാന്തരത്തിൽ എത്തിപ്പെട്ടു. അപ്പോഴേക്കും ലോകത്തെ എല്ലാ ഘടികാരങ്ങളെയും അവർ കൊന്നിരുന്നു. വനാന്തരത്തിലെ ഒരു ഗുഹക്കുള്ളിൽ അന്നവർ തങ്ങി.പിറ്റേന്ന് നവാഗതൻ ഉറക്കമുണർന്നത് തന്റെ സഹചാരിയുടെ മരണമറിഞ്ഞായിരുന്നു. ദീർഘമായൊരു നെടുവീർപ്പോടെ കൂട്ടുകാരന്റെ മൃതശരീരത്തിലേക്കു നോക്കി നവാഗതൻ പറഞ്ഞു."എവിടെയോ ഒരു സെക്കന്റെ സൂചി കൂടി ബാക്കിയുണ്ട്"......

ജുനൈദ് 7A

# പ്രകൃതിയെ...

മർത്യൻ തൻ മാതാവിനെ കൊല്ലുന്നു
മർത്യൻ ഒരു നാൾ മൃതനാകുമെന്ന്
എന്തിനു നാം കൊല്ലുന്നു മാതാവാം പ്രകൃതിയെ
പൂജിക്കേണ്ടതല്ലെ നാം ധരണിയെ-
കാക്കേണ്ടതല്ലെ നാം ഭൂമിയെ
വേലിതന്നെ വിളയെ തിന്നുന്നു
കാക്കേണ്ടവർ തന്നെ നശിപ്പിക്കുന്നു പാരിനെ
പാരിതാ തിരികെ തരുന്നു നാം കൊടുത്തതെല്ലാം
പാരിൻ കണ്ണീരായ് അണപ്പൊട്ടലായി
ആർത്തലച്ചു വരും കണ്ണീരായ്
ഒലിച്ചകലുന്നു മനുഷ്യന്റെ സ്വപ്നങ്ങളെല്ലാം
മലകൾ നിലം പൊത്തുന്നു കർമ്മഫലഘോരമാം
കരച്ചിലായി
ആർത്തലമ്പും കടലുപോൽ സംഘടിതമാണ്-
കടലിൻ മക്കൾ തൻ മനസ്സും ഭൂമിതൻ പാളികൾ
നീങ്ങിയകലുന്നു

ജീവൻ കൃഷ്ണ 9d

# ലേഖനം

## ● വയനാടൻ മലനിരകളിലൂടെ

മരതക പട്ടണിഞ്ഞ് ലാസ്യനൃത്തം ചെയ്യുന്ന കേരളത്തിന്റെ വശ്യസൗന്ദര്യം കവികൾ ആവോളം വർണ്ണിച്ചിട്ടുണ്ട്. അതിന്റെ മാസ്മരിക ഭാവത്തിലേക്ക് എത്തുന്നത് കാടും,കാട്ടാറും, കാട്ടുവാസികളും എല്ലാം ചേർന്ന വയനാടൻ മലനിരകളിലേക്ക് എത്തുമ്പോഴാണ്. പ്രകൃതിയുടെ മടിത്തട്ടിൽ തന്നെ ജനിച്ചു ജീവിച്ചു മരിക്കുന്ന

വൈവിധ്യമാർന്ന ഗോത്ര വിഭാഗങ്ങൾ ഇവിടെ

സഹവർത്തിക്കുന്നു. വയനാടിന്റെ ചരിത്ര താളുകൾ മറിക്കുമ്പോൾ ഏവരുടെയും മനസ്സിലേക്ക് ഓടിയെത്തുന്നത് കരിന്തണ്ടൻ എന്ന പേരാണ്. വയനാടിന്റെ വിരിമാറിലേക്ക് കാലെടുത്തു

വെയ്ക്കാൻ ബ്രിട്ടീഷുകാർക്ക് വഴികാണിച്ച

ആദിവാസി മൂപ്പൻ. താമരശ്ശേരിയിൽ നിന്നും വയനാട്ടിലേക്ക് പ്രവേശിക്കാൻ സായ്പ്പിന്റെ

ക്രൂർമ്മബുദ്ധിക്ക് കഴിഞ്ഞില്ല. അങ്ങനെയാണ്
കാടിന്റെ കരളറിയുന്ന മൂപ്പനെ അവർ കണ്ടുമുട്ടുന്നത്.
മൂപ്പനിൽ നിന്നും വഴി മനസ്സിലാക്കി അവർ
വയനാട്ടിലെത്തി. എന്നാൽ വഴികാണിച്ചത്
ഒരാദിവാസിയാണെന്ന് ചരിത്രം
അറിയാതിരിക്കാൻ അന്നത്തെ
മേലാളത്വമേൽകോയ്മ മൂപ്പനെ വകവരുത്താൻ
സായ്പ്പിന് ഒത്താശ ചെയ്തു കൊടുത്തു. എന്നാൽ
മൂപ്പനെ കൊല്ലുകയെന്നത് എളുപ്പമായിരുന്നില്ല.
ആദിവാസികളിൽ കുലദൈവത്തിന്റെ
അനുഗ്രഹത്തിന് പാത്രീഭൂതരാകുന്നവർക്ക് നൽകുന്ന
"തണ്ട വള" മൂപ്പൻ അണിഞ്ഞിരുന്നത്രെ.
ഏതാപത്തിലും കുലദൈവം രക്ഷിക്കുമെന്ന
വിശ്വാസത്തിലാണിവളയണിയുന്നത്.കുളിക്കാൻ
കാട്ടരുവിയിൽ ഇറങ്ങുമ്പോൾ മാത്രമാണ് മൂപ്പൻ വള
ഊരി വെയ്ക്കുന്നത്. ഇത് മനസ്സിലാക്കിയ വർ
ഒറ്റുകാരെ നിർത്തി "തണ്ട വള" കൈക്കലാക്കി

സായ്പ്പിന് കൈമാറി. അങ്ങനെയാണ് സായ്പ്പ് മൂപ്പനെ തന്റെ തോക്കിനിരയാക്കിയത്. എന്നാൽ ശാന്തി ലഭിക്കാത്ത മൂപ്പന്റെ ആത്മാവ് ഓരോരുത്തരെയായി വേട്ടയാടാൻ തുടങ്ങി. ശല്യം സഹിക്കാതെ വന്നപ്പോൾ ആത്മാവിനെ ആവാഹിച്ചെടുത്ത് ഒരു മരത്തിൽ തളച്ചിടാൻ തീരുമാനിച്ചു. അങ്ങനെ തളച്ചതാണത്രേ വൈത്തിരിയിൽ കാണുന്ന ആ ചങ്ങല മരം.കാലത്തിന്റെ ജീർണ്ണതയ്ക്ക് മായ്ച്ചുകളയാനാകാത്ത ആ ചങ്ങല മരമില്ലായിരുന്നുവെങ്കിൽ കരിന്തണ്ടനെന്ന ആദിവാസിമൂപ്പൻ വിസ്മൃതിയിലാണ്ടു പോയേനെ. വയനാട്ടിൽ ഗോത്ര വിഭാഗങ്ങൾ പലതരമുണ്ടെങ്കിലും ജനസംഖ്യയിൽ 62 ശതമാനത്തോളം വരുന്നത് പണിയ സമുദായമാണ്. തെക്കൻ പ്രദേശങ്ങളിൽ നിന്നും കുടിയേറ്റം എന്ന പേരിൽ വയനാട്ടിലേക്ക് ഇരച്ചു കയറിയവരിൽ ചുരുക്കം ചിലരൊഴികെ ഭൂരിഭാഗവും ആദിവാസികൾ പരമ്പരയായി അനുഭവിച്ചിരുന്ന മണ്ണിൽനിന്നും അവരെ ആട്ടിപ്പായിച്ചു ,ഏക്കർ കണക്കിന്ഭൂമിയുടെ

ഉടമസ്ഥരായി.പണിയന് മദ്യവും പുകയിലയും നൽകി അവന്റെ മണ്ണ് മാത്രമല്ല പെണ്ണിന്റെ മാനവും അപഹരിച്ചു. പണിയൻ ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കുന്നില്ല. ബാല്യവും, കൗമാരവും, യൗവനവുമെല്ലാം തന്റെ മണ്ണിൽ മറ്റുള്ളവർക്ക് വേണ്ടി അധ്വാനിച്ചു. അവരിൽ നിന്നും ലഭിക്കുന്നതോ നിത്യവൃത്തിക്കുപോലും തികയാത്ത പ്രതിഫലം. ജാതിവ്യവസ്ഥയുടെ തീഷ്ണജ്വാലയിൽ വെന്തു വെണ്ണീറായവരിൽ ഭൂരിഭാഗവും ഈ സമൂഹമാണ്. എന്നിട്ടും അതിജീവനത്തിന്റെ പാതയിലേക്ക് തലയുയർത്തി പിടിച്ചു നടന്നവർ വിരലിലെണ്ണാവുന്നവർ മാത്രം. വിദ്യാസമ്പന്നരായാലും തൊഴിൽ പരമായ നൈപുണ്യം നേടിയാലും സമൂഹത്തിലെ വലിയൊരു വിഭാഗം ഇപ്പോഴും ഇവരെ വേറിട്ടു കാണുന്നു. മാറി,മാറി വരുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തങ്ങളുടെ വോട്ടു ബാങ്കായ ഇവരുടെ കണ്ണിൽ പൊടിയിടാൻ പല പദ്ധതികളും ആവിഷ്ക്കരിക്കുന്നെങ്കിലും അവയെല്ലാം കടലാസുക്കെട്ടുകൾക്കുള്ളിൽ ഞെരിഞ്ഞമരുന്നു.

## ● കൊഴിഞ്ഞു പോക്കിൽ വിലപിക്കുന്നവിദ്യാലയങ്ങൾ

*ആദിവാസി വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞു പോകുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് വിദ്യാലയങ്ങളിലെ ഒറ്റപ്പെടുത്തലാണ്. മിക്ക ആദിവാസി ഊരുകളിൽ നിന്നും വരുന്ന കുട്ടികളെ മറ്റ കുട്ടികൾ ഒരു പ്രത്യേക കാഴ്ചപ്പാടോടെയാണ്കാണുന്നത്. പൊതുവിഭാഗത്തിലെ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ഇപ്പോഴും ഇവരെ ജാതി, ഭാഷ, ശുചിത്വം എന്നിവയുടെ പേരിൽ അകറ്റി നിർത്തുന്നതായി ഇവർക്കിടയിൽ നടത്തിയ പഠനങ്ങളിൽ നിന്നും വ്യക്തമാണ്.ഇതിനെ കുറിച്ച് വിദ്യാലയങ്ങളിൽ ബോധവൽക്കരണമുണ്ടാക്കേണ്ടസമയം അതിക്രമിച്ചിരിക്കുന്നു.പകലന്തിയോളം പണിയെടുത്തു മദ്യശാലകളെ മാത്രം ലക്ഷ്യം വെയ്ക്കുന്ന ഇവരുടെ മാതാപിതാക്കൾ  കുട്ടികളുടെ ഇത്തരം വിലാപങ്ങൾക്ക് ചെവികൊടുക്കാറില്ല.*

*വിദ്യാലയങ്ങൾ ഇവർക്ക് വർണ്ണോജ്ജ്വലങ്ങളായ കാഴ്ച്ചകൾ ഒരുക്കുമ്പോഴും മുറിവേറ്റ അവന്റെ മനസ്സിൽ മാതാപിതാക്കളോടുള്ള പ്രതികാരം*

ഉയർത്തെഴുന്നേൽക്കുന്നു . കുട്ടിക്ക് രക്ഷിതാക്കൾ ചെയ്യുന്ന വിവരക്കേടിനോട് പ്രതികരിക്കാനുള്ള ഏക മാർഗ്ഗമാണ് സ്ക്കൂളിൽ വരാതിരിക്കുകയെന്നത്. വീട്ടിലെ സൈ്വര്യ ജീവിതത്തിന്റെ അഭാവവും, സ്വതന്ത്രമായി സഞ്ചരിക്കാനുള്ള ഇവരുടെ ആഗ്രഹവും, ചെറുപ്പം മുതലുള്ള അലസതയുമെല്ലാം ഇവരെ വിദ്യാലയങ്ങളിൽ നിന്നും അകറ്റുന്നു. ഇവർ നല്ലൊരു ആസ്വാദകരാണ് അത് കലയായാലും,കായികമായാലും. ഇവർക്ക് പ്രത്യേകമായി ഇത്തരം വിനോദങ്ങൾ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കണം. മാത്രമല്ല

ഓരോ വീടുകളും കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണവും, ശക്തമായ നിയമ നടപടികളും ഇതിനാവശ്യമാണ്. ഇവരുടെ രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നതിനായി അധികാരികളുടെയും, പൊതുസമൂഹത്തിന്റെയുംനിരന്തരവും ആത്മാർത്ഥവുമായ ഇടപെടൽ അനിവാര്യമാണ്. ഇതിലൂടെ മാത്രമേ നാളെയുടെ വാഗ്ദാനങ്ങളായ ഈ കുട്ടികളെ വിദ്യാലയങ്ങളിലെത്തിക്കാനും കൊഴിഞ്ഞു പോക്കെന്ന പ്രതിസന്ധി മറികടക്കാനും നമ്മുടെ വിദ്യാലയങ്ങൾക്ക് കഴിയൂ.......

മിനി എം
ഹിന്ദി അധ്യാപിക.

&&&&&&&&&

# ★ കുറുക്കന് പറ്റിയ പറ്റ്

ഒരിടത്ത് നീലിമല എന്ന കാട് ഉണ്ടായിരുന്നു. അവിടെ മൃഗങ്ങളും പക്ഷികളും ഉണ്ടായിരുന്നു. അവരെല്ലാവരും സന്തോഷത്തോടെ ജീവിച്ചു.
ഒരു ദിവസം വന്യ മൃഗങ്ങളും പക്ഷികളും ഭക്ഷണം കിട്ടാതെ അലഞ്ഞു തിരിഞ്ഞു നടന്നു.
എത്രയായിട്ടും ഭക്ഷണം കിട്ടിയില്ല.എന്നാൽ സൂത്രനായ കുറുക്കന് ഭക്ഷണം കിട്ടി. അവൻ തിന്നുന്നത് കണ്ട് മുയൽ ചോദിച്ചു,എനിക്ക് കുറച്ച് ഭക്ഷണം കഴിക്കാൻ തരുമോ? കുറുക്കൻ പറഞ്ഞു ഇല്ല ഞാനിത് ആർക്കും കൊടുക്കില്ല. അങ്ങനെ അവർ വീണ്ടും ഭക്ഷണത്തിന് തിരച്ചിൽ തുടങ്ങി.അങ്ങനെ തിരഞ്ഞ് തിരഞ്ഞ് എല്ലാവർക്കും ഭക്ഷണം കിട്ടി.
സൂത്രനായ കുറുക്കന്റെ ഭക്ഷണം അപ്പോഴേക്കും തീർന്നുപോയി.അപ്പോൾ അവൻ അവരോട് പോയി ചോദിച്ചു, എനിക്ക് കുറച്ച് ഭക്ഷണം തരുമോ? അത്കേട്ട മുയൽ പറഞ്ഞു.ഇല്ല തരില്ല.ഒരു തുള്ളി പോലും തരില്ല,മുയൽ പറഞ്ഞു.അങ്ങനെ കുറുക്കൻ ഭക്ഷണത്തിനുള്ള തിരച്ചിൽ തുടങ്ങി.

## ഗുണപാഠം: അത്യാഗ്രഹം ആപത്ത്

# സന്തോഷമുള്ള പക്ഷി

ഒരിക്കൽ സന്തോഷവാനായ ഒരു കാക്ക ഒരു
അരയന്നത്തെ കണ്ടു.
അരയന്നമാണ് ലോകത്തിലെ ഏറ്റവും
സന്തോഷമുള്ള പക്ഷി എന്ന്
കാക്കയ്ക്ക് തോന്നി. എന്നാൽ അരയന്നം
സന്തോഷമുള്ള പക്ഷി തത്തയാണെന്നും, തത്ത താനല്ല
സന്തോഷമുള്ള പക്ഷി മയിലാണെന്നും പറഞ്ഞു.
അങ്ങനെ കാക്ക മയിലിനെ കാണാൻ
മൃഗശാലയിൽ ചെന്നു. നീ തന്നെ ലോകത്തെ ഏറ്റവും
സന്തോഷമുള്ള
പക്ഷി. കാക്ക മയിലിനോട് പറഞ്ഞു. കൂട്ടിലിട്ട്
വളർത്താത്ത ഒരേയൊരു
പക്ഷി കാക്കയല്ലേ? എത്ര സൗന്ദര്യമുണ്ടായിട്ടും
സ്വാതന്ത്ര്യമില്ലെങ്കിൽ
പിന്നെന്തു സന്തോഷം. മയിൽ പറഞ്ഞതു കേട്ട്
കാക്കയ്ക്ക് മണ്ടത്തരം
മനസ്സിലായി.

മുഹമ്മദ്സഫ്വാൻ-6B

-

# പൊതുവിജ്ഞാന ക്വിസ്

1.ഭൂമിശാസ്ത്രത്തിന്റെ പിതാവ്?

-ടോളമി

2.ഭൂമിയുടെ മൊത്തത്തിലുള്ള ആപേക്ഷിക ഘനത്വം?

-5.5

3.ഭൂമിയുടെ ചുറ്റളവ് ആദ്യമായി കണ്ടെത്തിയത്?

-ഇറാത്തോസ് തനിസ്

3.ഭൂമിക്ക് ഏറ്റവുമധികം ഭ്രമണവേഗതയുള്ളത്?

-ഭൂമധ്യരേകയിൽ

4.മധ്യരേഖാ പ്രദേശങ്ങളിൽ ഭ്രമണവേഗത എത്ര?

-മണിക്കൂറിൽ 1680 കി.മീറ്റർ

5.ഭൂമിയുടെ മധ്യരേഖാ വ്യാസം എത്ര?

- 12,756 km

6.ധ്രുവീയ വ്യാസം എത്ര?

-12,714 km

7.ഭൂമിയുടെ ആകൃതി?

-geoid

8.വൻകരഭാഗം അറിയപ്പെടുന്നത്?

-സിയാൽ

9.ഭൂവൽക്കത്തെ തരംതിരിച്ചിരിക്കുന്നത് എങ്ങനെ?

-വൻകര ഭൂവൽക്കം,സമുദ്രഭൂവൽക്കം

10.കടൽത്തറ ഭാഗം അറിയപ്പെടുന്നത്?

-സിമ

11.ഭൂവൽക്കത്തിൻെറ അടിവരമ്പ് അറിയുന്നത്?

-മോഹോറോ വിസിക്ക് വിച്ഛിന്നത

12.അകക്കാമ്പി ൻെറ ആപേക്ഷിക ഘനത്വം എത്ര?

--11

13.ഭൂമിയുടെ ആകെ വ്യാപ്തത്തിന്റെ എത്ര ശതമാനമാണ് കര

-29%

14.ഭൂമിയുടെ ഉപരിതലത്തിൽ കാണുന്ന സംയുക്ത പദാർത്ഥങ്ങളെക്കുറിച്ചുള്ള പഠനമാണ്?

-ജിയോളജി(ഭൂഗർഭശാസ്ത്രം)

15.സൂര്യനിൽ നിന്നുള്ള അകലമനുസരിച്ച് ഭൂമിയുടെ സ്ഥാനം?

-മൂന്ന്

16.സൗരയൂഥത്തിലെ ഏറ്റവും സാന്ദ്രതയേറിയ ഗ്രഹം?

-ഭൂമി

17.വലുപ്പത്തിൽ ഭൂമിയുടെ സ്ഥാനം?

-അഞ്ച്

18.ഭൂമിയുടെ ഏറ്റവും ഉയർന്നതോതിൽ കാണപ്പെടുന്ന മൂലകം?

-ഇരുമ്പ്(32.1%രണ്ടാമതായി ഓക്സിജൻ 30.1%)

19.ഭൂമിയ്ക്ക് ഏറ്റവും കുറവ് ഭ്രമണ വേഗതയുള്ളത് എവിടെയാണ്?

-ധ്രുവങ്ങളിൽ

20.ഭ്രമണ പഥത്തിലൂടെയുള്ള ഭൂമിയുടെ ശരാശരി സഞ്ചാരവേഗം?

-365.256 ദിവസം

നൗറിൻ-9B

# സൗഹൃദം

ഒരു വലിയ പട്ടണം അതിൽ വലിയ ബോഡിങ് സ്ക്രൂൾ . അവിടെ ഒരു മുറിയിൽ നാല് പെൺകുട്ടികൾ താമസിക്കുന്നു. അതിൽ ഒരു കുട്ടി ഏകാന്തതയായി അവളുടെ പേര് തമ്പുരു. അവളുടെ അച്ഛനമ്മമാർ വിദേശത്ത് വലിയ ബിസിനസ് കാര്യങ്ങൾ. അവളുടെ കാര്യങ്ങൾ നോക്കാൻ പോലും സമയമില്ല. തമ്പുരു ആരെയും അശ്രയിക്കരുത് എന്നും എനിക്ക് ഒറ്റക്ക് തന്നെ എല്ലാ കാര്യങ്ങളും ചെയ്യണമെന്ന് വാശിയുള്ളവളാണ്.അവൾ ക്രൂട്ടക്രൂടാറില്ല. അവളുടെ മുറിയിലുള്ളവരോട് തമ്പുരു മിണ്ടില്ല. പക്ഷേ റൂമിലുള്ള അപർണ,അശ്വതി,ഗീതു എന്നിവർക്ക് അവളെ വളരെ ഇഷ്ടമാണ്. തമ്പുരു ഒരു ശാഠ്യക്കാരിയാണ് എല്ലവരോടും എങ്ങനെ ഇടപെടണം എന്ന് അവൾക്ക് അറിയില്ലാ യിരുന്നു.

ഒരു ദിവസം സ്കൂളിൽ പോകുമ്പോൾ തമ്പുരു കാണുകയാണ് അവളുടെ നേരെ കുറേ കൂട്ടുകാർ തോളിൽ കൈവച്ചു നടന്നുവരുന്നതുകണ്ടപ്പോൾ അവൾ മുഖം തിരിച്ചു നടക്കുകയാണ് ചെയ്തത്.അന്ന് വൈകുന്നേരം അവളുടെ ടീച്ചർ അവളെ വിളിച്ചു എന്നിട്ടു ചോദിച്ചു നീ എന്താ തനിച്ചു നടക്കുന്നത് അശ്വതിയെ കൂടെ കൂട്ടികൂടെ ? അപ്പോൾ അവൾ അഹാരത്തോടെ പറഞ്ഞു എനിക്കാരേയും ആശ്രയിക്കേണ്ട കാര്യമില്ല എന്ന് പറഞ്ഞ് അവൾ അവിടെ നിന്ന് ഓടി അതിനിടയിൽ അവൾ കാലു തെറ്റി വീണു.വേദനകൊണ്ട് പുളയുന്നു ണ്ടായിരുന്നു.ടീച്ചറും കൂട്ടുകാരും അവളെ വേഗം ആശുപത്രിയിൽ എത്തിച്ചു.ഡോക്ടർ പറഞ്ഞു ഇവൾക്ക് 2 ദിവസം റെസ്റ്റ് വേണം . അതുകാരണം അവളെ നന്നായി ശ്രദ്ധിക്കണം. അപ്പോൾ അവൾ മനസ്സിൽ ചിന്തിച്ചു എന്നെ ആര് നോക്കാനാ ണ്അപ്പോൾ പെട്ടന്ന് ടീച്ചർപറഞ്ഞു ശരി ഡോക്ടർ .

# എന്റെ കേരളം

മിസ് രിയ-4 c

എന്റെ കേരളം...... എന്റെ കേരളം
നല്ല കേരളം......എന്റെ കേരളം
മലയാളികളുടെ സ്വന്തം നാട്
മലയാളികളുടെ അമ്മ നാട്
ഒരുമയോടൊരുമിച്ച് വാഴും നാട്
ഇത് ഭാരത നാട്......ഇത് ഭാരത നാട്
കുന്നുകളും മലകളും നിറഞ്ഞ നാട്
പച്ചപ്പ് നിറഞ്ഞ നാട്...........
ഇത് ഭാരത നാട് .....ഇത് ഭാരത നാട്
മരങ്ങളും വൃക്ഷങ്ങളും നിറഞ്ഞ നാട്
എന്റെ കേരളം.......എന്റെ കേരളം
നല്ല കേരളം.........എന്റെ കേരളം

# Cat and mouse

There Was a cat who loved to read !At night , when everybody was asleep , she would put on her spectacles and read: If you want a mouse for dinner , repeat the following rhyme: In this house there is a mouse, where is the mouse, where is the mouse? The cat looked up from the book. And sure enough, There was a mouse on the top of the table! The cat jumped at the mouse. Swish! And the mouse was gone. The cat repeated the rhyme.

"In this house there is a mouse, Where is the mouse, where is the mouse? Again the cat looked around. Sure enough, the same mouse was on her bed!

"Hi, dear Aunt!" the mouse said with a giggle. "You cheeky fellow!" cried the cat. "Just see, I will get you!" The cat jumped upon the bed to catch the mouse. Swish! And the mouse was gone! Now the cat hid herself behind the door. She repeated the rhyme.

"In this house there is a mouse,
Where is the mouse, where is the mouse?"
Sure enough the mouse came. But he could not see the cat. The cat quickly jumped and caught the mouse by the tail.

But the mouse was very clever. Suddenly he squeaked, "Oh, dear Aunt! Run, run fast! There is a dog after you!"

The cat spun around and was ready to jump out of the window. She let go the mouse and he was gone! Sitting upright near his hole , the mouse laughed, "Ha-ha-ha! Dear Aunt, that was the trick I learnt from the BIG BOOK FOR MICE!" And the mouse ran into his hole!

-Nishana .A

# ഒരുമയുടെ ഗുണം

കടുവയെ എല്ലാവറ്ക്കും അറിയാമല്ലോ.എന്നാൽ കടുവയെ പിടിച്ച കിടുവയെ കണ്ടിട്ടുണ്ടോ?എന്നാൽ ഇതാ കാട്ടിൽ ഒരു ആമ.കഴുത, കുറുക്കൻ,അണ്ണാൻ എന്നിവർ സുഹൃത്തുക്കൾ ആയിരുന്നു. അവർ കുറിഞ്ഞിമല തേടി പോവുകയാണ്.എത്രസമയമായി ഇങ്ങനെ നടക്കാൻ തുടങ്ങിട്ട് ?ആമ നെടുവീർപ്പിട്ടു.കഴുതച്ചാർ പറഞ്ഞു പണ്ടാരാണ്ട് പറഞ്ഞപോലെ ഭൂമിയുടെ അറ്റം വരെ എത്തിയെന്നുതോന്നുന്നു ആകാണുന്ന കുറിഞ്ഞിമലയുടെഅറ്റത്താണ് മൃങ്ങവൈദ്യരുടെ വീട് കുറുക്കൻ പറഞ്ഞു.

എന്റമ്മേ,ഇനി ആകുറിഞ്ഞിമലയിൽ എത്തുമ്പോഴേയ്ക്കും ചൂടടിച്ച് എന്റെ തോടുപൊട്ടും.ആമ പറഞ്ഞു.എന്താടാ ഈസമയത്ത് ഒരു ചിരി അണ്ണാൻ കഴുതയോട് ചോദിച്ചു....തോടില്ലാത്ത ആമച്ചാരെക്കുറിച്ച് ഓർത്തതാഎല്ലാവരുടെയും ക്ഷീണം തീർക്കാൻ ഞാൻ ഒരു പാട്ടുപാടിയാലോ....... കഴുത ആവേശംകൊണ്ട് പറഞ്ഞു.

അയ്യോ വേണ്ട വേണ്ട അതിലും ഭേതം ഈ പൊരിവെയിലത്ത് ആവിയായി മേലോട്ട് പോവുന്നതാ. കുടിക്കാൻ അൽപ്പം വെള്ളം കിട്ടിയിരുന്നെങ്കിൽ ഈ പൊരിവെയിലത്ത്

ഉത്സാഹിച്ച് തിമർക്കാമായിരുന്നു. അപ്പോൾ
അണ്ണാൻ പറഞ്ഞു, എടാ മരം ഉണ്ടെങ്കിലേ
മഴ പെയ്യൂ ....... മഴ പെയ്താലെ പുഴയൊഴുകൂ......
പുഴയുണ്ടെങ്കിലേ വെള്ളമുണ്ടാകൂ....
അതിനിവിടെ മരക്കുറ്റികൾ മാത്രമല്ലെ ഉള്ളൂ...... മരം
മനുഷ്യൻ മുറിച്ചില്ലെ- ഇങ്ങനെ പോയാൽ
മൃഗങ്ങളുടെ കാര്യം കഷ്ടത്തിലാകും. നാലാൾ സംഘം
വിഷമിച്ചു പറഞ്ഞു. "എനിക്കിനി ഓടാൻ വയ്യ"ആമ
പറഞ്ഞു. "അതാ ഒരു ഗുഹ നമുക്ക് അതിൽ കയറി
വിശ്രമിക്കാം"
അവർ സന്തോഷത്തോടെ അകത്തു കയറി.
പെട്ടെന്ന് പുറത്തൊരു ശബ്ദം അകത്താരാ?.
പുറത്തു കടുവ എന്നാൽ അകത്ത് കിടുവയാണെന്ന്
കഴുത ഉച്ചത്തിൽ പറഞ്ഞു.
ഇതെന്തു സാധനം - കടുവ ചിന്തിച്ചു. ഇഴ ജന്തുവോ,
പക്ഷിയോ അതോ മൃഗമോ?
മൃഗമാണ് .... ആനയെ പോലെ വലുപ്പവും
സിംഹത്തെ പോലെ ശക്തിയുമുള്ള മൃഗം.
നാലാൾ സംഘം ഉറക്കെ ഒച്ച വച്ചു അതു കേട്ട് കടുവ
കാലും പറിച്ച് ഓടി. ഈ നാലാൾ


*സംഘം ഒത്തൊരുമിച്ച് നിന്നതിനാൽ കടുവയെ ഓടിക്കാൻ സാധിച്ചു.*

# പച്ച തത്തമ്മ

തത്തമ്മെ....തത്തമ്മെ....തത്തമ്മെ....
പച്ച പട്ടുടുപ്പ് അണിഞ്ഞ തത്തമ്മെ....
പാറി വായോ തത്തമ്മെ....
ചുവപ്പു ചുണ്ടാൽ കുഞ്ഞുങ്ങളെ ഊട്ടു തത്തമ്മെ....
മഞ്ഞക്കാലുകളാൽ ഇരകളെ പിടിക്കു തത്തമ്മെ....
തത്തമ്മെ...തത്തമ്മെ...തത്തമ്മെ....

**milsa saji**

6.a



## രണ്ട് വിക്രതികുട്ടികൾ

ഒരിടത്ത് ഒരു കൊച്ചു ഗ്രാമത്തിൽ ഒരു ചെറിയ വീട്ടിൽ രണ്ട് കുട്ടികളും അമ്മയും അച്ഛനും താമസിച്ചിരുന്നു.ആ രണ്ട്കുട്ടികളും മഹാവികൃതിയായിരുന്നു.അമ്മ പറഞ്ഞതൊന്നും അവർ അനുസരിക്കില്ല.അതുകൊണ്ട് എന്നും അവർക്ക് അമ്മയുടെ അടുത്ത് നിന്ന് ചീത്തകേൾക്കുകയും തല്ല് കിട്ടുകയും ചെയ്യും. കുറേകാലം കടന്നു പോയി.മഴക്കാലം വന്നു.ഒരു ദിവസം കുട്ടികൾ അമ്മയോട് ചോദിക്കാതെ മഴയത്തിറങ്ങി.അമ്മ കുട്ടികൾക്ക് ആഹാരം എടുത്ത് വന്നപ്പോൾ കുട്ടികളെ കാണുന്നില്ല. പിന്നെയാണ് അമ്മ അവരെ കണ്ടത്. അമ്മ അവരോട് ചോദിച്ചു നിങ്ങളെന്താ എന്നോട് പറയാതെ മഴയത്തിറങ്ങിക്കളിച്ചത് ?കുട്ടികൾ പറഞ്ഞു,അമ്മയോട് പറഞ്ഞാൽ സമ്മതിക്കില്ലല്ലോ?അതുകൊണ്ടാ പറയാത്തെ.അമ്മ വടിയെടുത്ത് കുട്ടികളെ തല്ലി.എന്നിട്ട് അമ്മ ചോദിച്ചു.ഇനി നിങ്ങൾ പറഞ്ഞാൽ അനുസരിക്കാതെ നിൽക്കുമോ? ഇല്ല അമ്മേ,ഇനി ഞങ്ങൾ അമ്മ പറഞ്ഞതൊക്കെ അനുസരിക്കാം.അതിനു ശേഷം അവർ നല്ലകുട്ടികളായി മാറി.

# സിംഹവും ചുണ്ടെലിയും

പണ്ട് പണ്ട് ഒരു സിംഹം കാട്ടിൽ താമസിച്ചിരുന്നു. ആ സിംഹം ഒരു മരച്ചുവട്ടിൽ ഉറങ്ങുകയായിരുന്നു. അപ്പോൾ എവിടുന്നോവന്ന എലി ആ സിംഹത്തിൻെറ പുറത്തു വീണു. അപ്പോൾ ആ സിംഹം ഉണർന്നു.

എലി പേടിച്ചു. സിംഹം എലിയെ ഭയപ്പെടുത്തി.ഒരു ദിവസം സിംഹത്തെ വേട്ടക്കാരൻ പിടിച്ചു കൊണ്ടുപ്പോയി. ഒരു വലയിൽ കുടുങ്ങിയ സിംഹം നിലവിളിച്ചു. അപ്പോൾ അവിടെ ഒരു ചുണ്ടെലി വന്നു.സിംഹം പറഞ്ഞു, എന്നെ ഒന്നു രക്ഷിക്കൂ. നിന്നെ ഞാൻ രക്ഷിച്ചാൽ നീ എന്നെ തിന്നുമോ? ഇല്ല ഞാൻ നിന്നെ തിന്നില്ല .

എലി തൻെറ ക്രൂട്ടുക്കാരെ വിളിച്ചു വരുത്തി. എന്നിട്ട് സിംഹത്തിനെ അവർ രക്ഷിച്ചു. പിന്നീട് അവർ നല്ല ക്രൂട്ടുകാരായി ജീവിച്ചു. -

**റിയ. പി. ആർ -3c**

# പ്രകൃതിയിലെ ഗണിതം

സൂര്യകാന്തിയിലെ ശ്രേണി

0,1,1,2,3,5,8........ഈ ശ്രേണിയുടെ പ്രത്യേകത എന്ത്?

ഓരോ പദവും തൊട്ടു മുമ്പിലുള്ള രണ്ട് പദങ്ങളുടെ തുകയാണ്.ഈ ശ്രേണി ഫിബൊനാച്ചി ശ്രേണി എന്നാണ് അറിയപ്പെടുന്നത്.പ്രകൃതിയിൽ നോക്കിയാൽ ഫിബൊനാച്ചി ശ്രേണിക്ക് പല ഉദാഹരണങ്ങളുണ്ട്. സൂര്യകാന്തിപ്പൂവിന്റെ വിത്തുകളുടെ ക്രമീകരണം പ്രകൃതിയിലെ ഫിബൊനാച്ചി ശ്രേണിക്ക് നല്ലൊരു ഉദാഹരണമാണ്. ഈ പൂവിൽ 34 പ്രദക്ഷിണ ദിശയിലും 55 അപ്രദക്ഷിണ ദിശയിലും വിത്തുകളുടെ ചുറ്റുണ്ട്. വലിയ പൂവുകളിൽ 89 പ്രദക്ഷിണ ദിശയിലും 144 അപ്രദക്ഷിണ ദിശയിലുമാണ് വിത്തുകളുടെ ചുറ്റുകൾ. 34,55,89,144 ഇവയെല്ലാം ഈ ശ്രേണിയിലുള്ള സംഖ്യകളാണ്.

*ശൈല ഒ.വൈ*
*(ഗണിത അധ്യാപിക)*

## *0,1,1,2,3,5,8.......*

# സയൻസിലെ കൗതുകം



ഹൊങ്ങ്കോങ്ങ് കംമ്പിനിയായ ഹാൻസൺ റോബോട്ടിക്സിസിൽ നിർമ്മിതമായ റോബോട്ടാണ് സോഫിയ. സോഫിയ പ്രവർത്തിച്ചുതുടങ്ങിയത് ഫെബ്റുവരി 14 2016 ന് ആണ്.അതിന്റെ ആദ്യ പ്രദർശനം യു.എസിലെ ഓസ്റ്റാനിലാണ് സോഫിയക്ക് 50 ൽ പരം മുഖഭാവങ്ങൾ കാണിക്കാൻ സാതിക്കും 2017 ഒക്ടോബറിൽ എല്ലാ രാജ്യത്തെ മനുഷ്യരിലെക്കും എത്തിചെല്ലാൻ പറ്റുന്ന ലോകത്തെ ആദ്യത്തെ റോബോട്ട് സോഫിയായി



2017 നവംബറിൽ യുണൈറ്റട് നാഷണിലെ എല്ലാ രാജ്യതിന്റെയും പേര് നിലനിർത്താനുള്ള ഒരു വസ്തുവായും

സോഫിയ മാറി

## പ്രത്യേകതകൾ

സോഫിയയുടെ ക്യാമറക്കണ്ണുകൾ കമ്പ്യൂട്ടറുമായി ബന്തിപ്പിച്ചാണ് അവൾക്ക് കാണാൻ സാദിക്കുന്നത്.അവൾക്ക് മുഖങ്ങൾ മനസ്സിലാക്കാനും വേർതിരിച്ച് കാണാനും കഴിയും. അവൾക്ക് ഏതുഭാഷയയാലും സംസാരിക്കാനും സംഭാഷണം നടത്താനും കഴിയും. 2018 ജനുവരിയോടെ കാലുകൾ ഉപയോഗിച്ച് നടക്കാൻ തുടങ്ങി. എലീസ എന്ന കംമ്പ്യൂട്ടർ പ്രോഗ്രാമുമായി സോഫിയക്ക് ബന്തമുണ്ട് (എലീസ എന്നാൽ ആദ്യമായി റോബോ ട്ടിന്സംഭാഷണംത്താനായിട്ടുണ്ടാക്കിയപ്രോഗ്രാമാണ്) . സോഫിയ സംരക്ഷണ-ത്തിനും സേവനങ്ങൾക്കും പടനത്തിന്നും ഉത്തമമായിരിക്കും എന്ന് ടേവിട് ഹാൻസ-ൺ പറഞ്ഞിട്ടുണ്ടായിരുന്നു. സോഫിയ പ്രവർതിക്കുന്നത് ക്രത്രിമ ബുദ്ധി ഉപയോഗിച്ചാണ്.

# തീ പിടിച്ച കാട്

പണ്ട് പണ്ട് ഒരു കാട്ടിൽ കുറേ കാക്കകൾ താമസിച്ചിരുന്നു.ആ കാക്കകൾക്ക് വിശന്നിട്ട് കരയുകയായിരുന്നു. അവർ ഭക്ഷണം തേടി കാടിനു പുറത്തേക്ക് പോകാനുള്ള വഴിയെത്താറായി.അപ്പോൾ ഒരു വലിയ തീ കാട്ടിൽ പിടിച്ചു. പാവം കാക്കകൾക്ക് വിഷമമായി.അവർ കരയാൻ തുടങ്ങി.കാക്കകളുടെ അമ്മ ആകെ പേടിച്ചു പോയി.ആ അമ്മ കാക്കയുടെ മുപ്പത് മക്കളിൽരണ്ട്പേര്മുട്ടയിട്ടിരിക്കുകയായിരുന്നു. കുറേ കാക്കകൾ വിശന്നു കരയുകയാണ്. കാക്കകളുടെ അമ്മയും കരയാൻ തുടങ്ങി.കുറേ കാക്കകൾ പറഞ്ഞു അമ്മേ അമ്മ കരയരുത്.അമ്മ കരഞ്ഞാൽ മക്കൾക്കും വിഷമം ആകും.*ശരി ഞാൻ കാരണം നിങ്ങൾക്ക് ഒന്നും സംഭവിക്കില്ല. മക്കൾ എല്ലാവരും കൂടി ഒരു മരത്തിൽ ഇരുന്നു. അമ്മ പ്രാർത്ഥിച്ച് കൊണ്ട് ഒരു പുല്ലിൽ ഇരുന്നു. കുറേ കഴിഞ്ഞപ്പോൾ ദൈവം അവരുടെ പ്രാർത്ഥന കേട്ടു. കാട്ടിലെ തീ എല്ലാം കെട്ടു. എല്ലാവർക്കും സന്തോഷമായി*

# THE LITTLE RED BOAT

Raju s father bought him boat for his birthday. It was a beautiful red boat with a black funnel and a milk-white souail. Raju
wound it up. And it sailed in the big white marble bath-tub filled with water. Raju was excited. He called his friend Suresh and showed him the boat. "It is a beautiful boat. But does it really sail?" asked suresh. "Of course!" Raju said. He slowly wound the key and put the boat in the bath-tub. With a whirr the boat set off, going round and round, creating ripples.
"May I sail the boat just once?" asked Suresh.
"No!" Raju quickly replied. "You will spoil my lovely boat!"


Suresh was hurt. He went home. He stopped going to Raju's house. If he saw Raju somewhere on the road, he looked away. But Raju did not care. He had his little red boat to play with. He spent most of his time near the bath-tup.

ദിയമോഹൻ 9d


# FRIENDSHIP

Friendship, the gift of god
best friend should be for the true
and love . My friend is sweat
my friend help me and give me the
courage to overcome everything with
a smile thank you my friend for
everything.

vismaya.p.u
9.d



# വരകൾ വർണങ്ങൾ


Adhilsha.v
9.D


Jeevan Krishna
9.D


Sraya sajeev
7.D


Jyothika A.S
7.D



shiba sherin


Vanthana A.S


Satheesh P.R



Jeeavan krishna



Sreya sajeev



Amna.A.P



Risvana


Krishna priya



Diyamohan



മാലിന്യം
നിക്ഷേപിക്കുക












**sumesh.s**

**ചിത്രകല അദ്ധ്യാപകൻ**





# THE LAZY DONKEY

Mamboo was a donkey. He belonged to Ramu, the washerman. Mamboo was very lazy. Often when Ramu called him, he pretended to be sick. Sometimes Ramu beat him. But Mamboo loved sleeping and did not care if he was beaten.

One day Ramu had to take a heap of clothes to the river to wash. Mamboo knew Ramu would load the clothes on his back. Quietly, he escaped from the courtyard. He found a lonely place far from the house. He slept there under a mango tree.

While Mamboo was sleeping, a dust storm blew up. The strong wind raised dust all round. The wind blew so hard that mangoes fell from the tree to the ground. One mango hit Mamboo on the head. He opened his eyes, then slept again.

The wind blew hard carrying alone many things. An empty tin hit mamboo's back. Startled, he sat up to see what was happening. He looked around. Dust got into his eyes.

Then he saw some animals running in the direction of the wind. He stopped a cow

and asked, “Why are you all running?”

“Don't you see the dust storm? We are going home to take shelter.”

Mamboo stood up. He too wanted to go home. But he afraid Ramu would beat him.

Now the dust was hurting his eyes. It also got into his nostrils. He started sneezing. With great difficulty he walked back to Ramu's house.

Mamboo waited to hear harsh words from Ramu. He trembled with fear. But Ramu patted his back and said, “Ah, you are back! I was so worried!”

“Dhenchu! Dhenchu!” Mamboo brayed happily. He decided never to be lazy again.

Aneesha.A 10.D

# A CLEVER TRICK

Sheru, the tiger roared into Runu bear's ear, “Ghurr....aa...aa...” Little Runu bear sprang up with a shock. “Oh! Keep quiet, Sheru,” Runu bear scolded. Sheru was a good friend but Runu did not like such roaring.

But Sheru loved to roar. “ Ghuraar....” he would roar at the top of his voice. Sheru's loud roaring troubled everyone.

When Sheru roared, monkeys would lose their balance, fall from the trees and get hurt. Baby squirrels would drop their nuts and begin to cry. Even the little elephants would get frightened and cling to their mothers.

But Sheru did not stop roaring. His roar became louder and louder everyday. All the animals were upset. They tried to

tell Sheru to behave but Sheru enjoyed roaring. Finally they got angry and stopped playing with Sheru. Runu bear felt sorry because Sheru was his friend. How should he teach him lesson, worried Runu. One day Sheru and Runu were playing with a ball. Sheru kicked the ball and Runu kicked it back. Both were enjoying the game. The monkeys watched from the branches, the squirrels ran down from their holes to see the game. Little elephants swung their tails and trunks as the ball moved from left to right.

As Runu kicked the ball, Sheru got ready to Kick it back. With all his might he kicked and roared happily, “Ghuraa...” The ball hit a tree, bounced back and landed straight into Sheru's open mouth. “Ghurr...aap!” Sheru stopped roaring.

The ball was stuck in his mouth, choking him. “Thu..un..un..” Sheru winced. Runu ran towards him. The monkeys, squirrels and little elephants also hurried to help Sheru.

Quickly Runu bear pulled out the ball. Sheru felt much better. “It was awful. I will never frighten you again,” Sheru said. “ Good!” said Runu. He was happy sheru had learnt his lesson.

VISHNUPRIYA .P
7C



# Teachers , the social engineers.....

Education is the most precious asset in the world. A society devoid of education is virtueless and worthless.Teachers educate the community, inculcate cultural values, implant moral values and ultimately build the society

Raw materials in the process are children or knowledge thirsty civillians.Teachers transform this raw materials into perfect citizens through the process of teaching and learning. Infact this process is the noblest and inmaculate engineering in this univers.From the very basics of the languages and arithemetics to the advanced concets in Science and tecnology are taught by these social engineers who are othewise called teachers.Can you imagine a world there is no teachers?No doubt, that world can only be barberic and obnoxious.

***Everyone everywhere has been enjoying the fruits of education that teachers created in the world.***

# സുഹൃത്ത്

മനസ്സേ നീ ആഹ്ലാദിക്കു

തിരു മനസ്സേ പുളകിതയാകു

അന്ധകാരത്തിൻ ചങ്ങല പൊട്ടിച്ചു നീ-

ഉയരങ്ങളിൽ നിന്നുയുരങ്ങളിലേക്ക്

നീല വിഹായസ്സിൽ പാറിപറക്കും

സ്വാതന്ത്ര്യ പറവയെ പോലെ നീ

നന്ദി ഞാനാരോട് കാണിക്കേണ്ടു

നിദാന്ത ജാഗ്രതയായ് നിൽക്കും

നിത്യ ചൈതന്യ പൊരുളിൻ പൊരുളെ

പുൽകിടുന്നു ഞാൻ നിൻ

പുളകിതമാം നിത്യ നിർവൃതിയിൽ

ചേകേറുമീ ചിറകൊടിഞ്ഞ പക്ഷി

നിൻ തൽസമയ ശകാരങ്ങളാകും

ശരങ്ങളാലെൻ മനസ്സിനെ ഉണർത്തി നീ

നന്മയായ് പെയ്തിറങ്ങുമെൻ ജീവിത വീചിയിൽ

അനശ്വരമായ് ഒന്നേ നിൽപ്പു നീ സുഹൃത്തേ

ആത്മഗതം അറിയിപ്പൂ ഞാൻ നിൻ സൗഹൃദ-

ത്യാഗമനസ്കതയെ എന്നെന്നും

തുടർന്നീടുക നിൻ വാത്സല്യം വർഷം!

ഇടളുർന്ന് നിൽക്കുമീ സൗഹൃദവലയത്തിൽ

കാവലായ് കാതലായ് എൻ കൃഷ്ണമണിയെ

കാത്തീടുക വളർത്തീടുക നാൾക്കുനാൾ

നന്ദിയുണ്ടെന്നും എൻ അന്തരങ്കത്തിൽ സുഹൃത്തെ

നാന്ദിയായ നിൻ സൗഹൃദ മാധുര്യത്തെ.

AMRITHA K.R

9D

# തിരിച്ചറിവ്


'കാത്തിരിപ്പ്' നല്ല ക്ഷമയും സഹനശേഷിയുള്ള വർക്ക് സാധ്യമാണ്. എന്നാൽ ചോരത്തിളപ്പിൻ അധിനിവേശത് പ്രിയപ്പെട്ടവർക്ക് വേണ്ടി മാത്രമായിരിക്കും. ഇന്ന് ഇത്രക്ഷമയോടെ ഇവിടെ സ്വാതന്ത്ര്യതിന് വൻമതിലുകൾ കെട്ടിയ ജയിലിലെ സന്ദർശനമുറിയിൽ അറവി വെളച്ചത്തിലേക്ക് അക്ഷരമുറ്റത്തിലൂടെ നയിച്ച അധ്യാപകനെ വർഷങ്ങൾക്ക് ശേഷം കാണേണ്ടി വരുക എന്നത് ഏതൊരു വിദ്യാർത്ഥിയേയും പോലെ അവനേയും വേദനിപ്പിക്കുന്നുണ്ട് ഇരുളുകളിലേക്ക് നോക്കി നിൽക്കാൻ മടിച്ച അവൻ വെളിച്ചം നിറ-
ഞ്ഞ ഓർമ്മകളിലേക്ക് തിരിഞ്ഞു നോക്കി...............
നാട്ടിലും വീട്ടിലും സ്കൂളിലും എല്ലാവർക്കും പ്രിയപ്പെട്ട അധ്യാപകൻ.അധ്യാപകൻ എന്ന വാക്കിന്റെ അർത്ഥത്തിനുള്ള ഉത്തമ ഉദാഹരണമായിരുന്നു അദ്ദേഹം.ഞാൻ ഇനിയും ജീവിക്കുകയും മരണംവരെ പ്രവർത്തിക്കുകയും ചെയ്യുക എന്റെ വിദ്യാർത്ഥികൾക്കു വേണ്ടിയാണ് ഈ വാചകമായിരുന്നു.അദ്ദേഹത്തിന്റെ റിട്ടയർമെന്റ് പ്രസംഗത്തിലെ അവസാനത്തത് കുട്ടികൾ കയ്യടിച്ചും കണ്ണീരൊപ്പിയും തന്റെ അധ്യാപകനെ യാത്രയാക്കുമ്പോഴാണ് ആ വേദിയലേക്ക് കാക്കി പട്ടാളത്തിന്റെ വരവ്.അക്ഷരമുറ്റത്തെ അധ്യാപകനെ അവരിന്ന് ഇരട്ടറകളിൽ തളച്ചിട്ടിരിക്കുകയാണ്.അവന്റെ കാത്തിരിപ്പ് അവസാനിപ്പിച്ചുകൊണ്ട് ഒരാൾ അവിടേക്ക്

കടന്നുവന്നു. നാളുകൾക്ക് ശേഷം തന്റെഅധ്യാപകനെ കണ്ടതിലുള്ള സന്തോഷവും ബഹുമാനവും അവൻ കാണിച്ചു. അവിടുത്തെ ചുറ്റുപാടുകൾ കാരണം അദ്ദേഹത്തിന്റെ ശരീരപ്രകൃതി മാറിയിട്ടുണ്ട്. എങ്കിലും കണ്ണുകളിലിനും തേജസ്സിന്റെ അനശ്വര സ്നേഹവും വാത്സല്യവുമുണ്ട്. തന്റെ വിദ്യാർതിയെ കാണാൻ സാധിച്ച സന്തോഷം പ്രകടിപ്പിച്ചു.അവർ സംസാരിച്ചു തുടങ്ങി.സമയം പരിമിതമായതിനാൽ അവനറിയേണ്ടിയിരുന്നു സംഭവത്തെപ്പറ്റി അവൻ മടിക്കാതെ ചോദിച്ചു.അറിവിൻെറ വെളിച്ചം പകർന്നിരുന്ന തൻെറ അദ്ധ്യാപകനെന്തുകൊണ്ടാണ് ഇവിടെ ഇങ്ങനെ ജീവിതം തള്ളി നീക്കുന്നത് എന്നാണ് അവന് അറിയേണ്ടത്.അദ്ദേഹം നിരപരാതിയാണെന്ന് ഉറപ്പുള്ളതുപോലെയായിരുന്നു അവൻെറ ആ ചോദ്യം.സംശയങ്ങൾ തീർത്ത് കുട്ടികളെ സംതൃപ്തരാക്കി മാത്രം പറഞ്ഞുവിടുന്ന അദ്ധ്യാപകന് അവൻെറ ചോദ്യത്തിനും നൽകാതിരിക്കാനായില്ല. സത്യസന്ധത ജീവിത ഗുരുവായി കാണണമെന്ന് പഠിപ്പിച്ച അദ്ദേഹത്തിന് തൻെറ അസത്യയങ്ങൾ വിളമ്പാനായില്ല. ''ഒരു അദ്ധ്യാപകനെന്നും ആഗ്രഹിക്കുക അയാളുടെ  വിദ്ധ്യാർത്ഥിയുടെ നന്മയാണ്.അവരുടെ ഭാവി സുരക്ഷിതമാക്കാൻ സ്നേഹമുള്ളൊരു അദ്ധ്യാപകൻ തൻെറ ജീവിതം തന്നെ തൃജിക്കും. എന്റെ വിദ്യാർഥിലഹരി ലോകത്തേക്ക് വഴുതിപോയിരുന്നു. മയക്കുമരുന്ന് മാഫിയയുടെ തലപാവ് ധരിക്കാൻ അവൾ ശ്രമിച്ചു

വൈകിയാണെങ്കിലും തെറ്റുകൾ മനസ്സിലാക്കി കുറ്റം ഏറ്റുപറഞ്ഞുകൊണ്ട് എന്റെയടുക്കൽ വന്ന് കേണിരുന്നു ആ പെൺകുട്ടിക്ക് വേണ്ടി ജീവിതത്തിൽ ഇനിയൊന്നും പ്രതീക്ഷിക്കാനില്ലാത്ത ഈ അറുപതുകാരൻ എല്ലാം ത്യജിച്ചു. ഞാനിന്ന് അതിനാൽ സന്തുഷ്ടനാണ്. അവളുടെ ഭാവി സുരക്ഷിതമാണല്ലോ", മനസാക്ഷിയെ വെല്ലുവിളിച്ചുക്കൊണ്ട് ലഹരി ഇവിടെ നടത്തുന്ന കഴുത്തറുക്കലിന് ഇരയപ്പോകുന്ന കുട്ടികളോട് ഇപ്പോൾ ഈ വിദ്യാർത്ഥിക്ക് പുച്ചം തോന്നുന്നു.

Haneena Parvin

9-D



# നന്ദി....




## ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് ആനപ്പാറ